പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1020 — 12.07.2016 ലെ മറുപടിയ്ക്ക്

# തരിശു ഭൂമിയിൽ കൃഷി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്താകെ ആയിരക്കണക്കിന് ഏക്കർ കൃഷിഭൂമി തരിശായി കിടക്കുന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി പങ്കാളിത്തത്തോടെ നിർബന്ധമായും കൃഷിയിറക്കാനുള്ള എന്തെങ്കിലും പദ്ധതി ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ? | (എ) | ത്രിതല പഞ്ചായത്തുകളുടെയും ജനപ്രതി-നിധികളുടേയും ബന്ധപ്പെട്ട വകുപ്പുകളുടേയും സഹകരണത്തോടെ ഓരോ ജില്ലയിലും തരിശായി കിടക്കുന്ന ഭൂമി അപ്രകാരം തരിശിട്ടിരിക്കുന്നതിന്റെ മൂലകാരണം കണ്ടെത്തി അനുയോജ്യമായ സ്ഥലങ്ങളിൽ അനുയോജ്യമായ കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ കരനെൽകൃഷി തരിശ് കിടക്കുന്ന പാടങ്ങളിലെ നെൽകൃഷി, പച്ചക്കറി കൃഷി തുടങ്ങിയ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൃഷി, തദ്ദേശസ്വയംഭരണം, സഹകരണം എന്നീ വകുപ്പ് മന്ത്രിമാരുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും ഒരു യോഗം 19.07.2016 ന് ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ